**അറിയിപ്പ്**

ഭരണാഘടനാ സാക്ഷരതാ പുസ്തകത്തിന്റെ പ്രകാശനം

മി. സ്പീക്കർ : അടുത്ത ബില്ല് എടുക്കുന്നതിനുമുമ്പ് ഒരറിയിപ്പുണ്ട്. ഇന്ത്യൻ ഭരണഘടനെയെ സംബന്ധിച്ച് അടിസ്ഥാനപരമായ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന വ്യാപകമായി ഭരണഘടനയുടെ മൂല്യങ്ങളേയും അതിന്റെ ധാർമ്മികതയേയും അത് സമൂഹത്തിന് നൽകുന്ന സുരക്ഷിതത്വത്തേയും സംബന്ധിച്ചുള്ള അവബോധം പുതിയ തലമുറയിലും സമൂഹത്തിലും വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സാക്ഷരതാ മിഷന്റേയും നിയമസഭയുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസ പരിപാടിയ്ക്കായി തയ്യാറാക്കിയിട്ടുള്ള ഒരു കൈപ്പുസ്തകം ഭരണഘടനാ സാക്ഷരതാ പുസ്തകത്തിന്റെ പ്രകാശനകർമ്മം ഇന്ന് വൈകുന്നേരം മൂന്നുമണിക്ക് നിയമസഭാമന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കുന്നുണ്ട്. പ്രസ്തുത ചടങ്ങിൽ ഭരണഘടനയെ സംബന്ധിച്ച് റിട്ട. ജസ്റ്റിസ് കെ. കെ. ദിനേശൻ പ്രഭാഷണം നടത്തുന്നതുമാണ്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പ്രസ്തുത

ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ്മന്ത്രി (ശ്രീ. എ. കെ. ബാലൻ) സർ, ഇന്ത്യൻ ഭരണഘടന അവബോധത്തെ സംബന്ധിച്ച് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രാഥമികമായിട്ടുള്ള ബോധം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട ഗവർണ്ണർ നേരിട്ടും പൊതുവേദിയിലും പറഞ്ഞിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഭരണഘടനയോടും, കോടതിയോടുമൊക്കെ കൂടുതൽ വിശ്വാസമുണ്ടാകുന്നത് നല്ല കാര്യമാണ്. ബൂർഷ്വാകോടതി തുലയട്ടെ എന്നൊന്നും ഇനി പറയാതിരിക്കട്ടെ, സുപ്രീംകോടതി വിധികൾ വരുമ്പോൾ ആ വിധികളെ നിങ്ങൾ അംഗീകരിക്കട്ടെ എന്നാണ് എന്റെ ആശംസ.

മി. സ്പീക്കർ : ഏതായാലും ഭരണഘടനയെ സംബന്ധിച്ചുള്ള ധാർമ്മികത പഠിപ്പിക്കുന്ന കാര്യത്തിൽ ഇനിയൊരു തർക്കത്തിനുപോകേണ്ട.